എല്ലാ ജില്ലകളിലും വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ആ സംവിധാനം മാറ്റി എ.ജി. വഴി പേമെന്റ് കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. അതോടൊപ്പം അവരുടെ സേവന-വേതന വ്യവസ്ഥകൾ പുതുക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. ആലപ്പുഴ ജില്ലയുൾപ്പെടെ ഏതാനും ജില്ലകളിൽ അഞ്ച്-ആറ് വർഷക്കാലമായി പ്രതിഫലത്തുക കൊടുക്കാതിരിക്കുന്ന ഇന്നത്തെ സാഹചര്യം കണക്കിലെടുത്ത് അടുത്ത സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിലെങ്കിലും കുടിശ്ശിക മുഴുവൻ കൊടുത്തു തീർക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഗവൺമെന്റ് പ്ലൈക്കോടതിയിലെ സീനിയർ പ്ലീഡർമാരുടെയും മറ്റ് ചിലരുടെയുമൊക്കെ ഫീസ് വർദ്ധിച്ചുവെങ്കിലും അത് തീരെ അപര്യാപ്തമാണെന്ന് അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടു. ഒരു ചർച്ച നടത്തി ഇത് വീണ്ടും പരിശോധിക്കാൻ നിയമ വകുപ്പിന് അയച്ചിരിക്കുകയാണ്. അതുപോലെ ജില്ലാ ഗവൺമെന്റ് പ്ലീഡർമാർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാർ എന്നിവരുടെ വേതനം കുറവാണ്. അതുകൊണ്ട് അത് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് അത് പുന:പരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കുടിശ്ശിക കുറെയുണ്ട്. അത് ആലപ്പുഴയിൽ മാത്രമല്ല, എല്ലായിടത്തും കുറേശ്ശേ കുടിശ്ശിക ഉണ്ട്. ആ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ സ്വീകരിക്കുന്നതാണ്.

(6) വ്യാജ വീഡിയോ കാസറ്റുകളും സി.ഡി. കളും ഇറക്കുന്നതുമൂലം മലയാള സിനിമാ വ്യവസായം നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, വ്യാജ കാസറ്റുകളും ഡിസ്ക്കുകളും ഇറക്കുന്നതുമൂലം മലയാള സിനിമയടക്കം കേരളത്തിൽ വരുന്ന എല്ലാ പടങ്ങൾക്കും വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു. ഇത് ഉണ്ടാക്കുന്ന വ്യാജ സംഘം കേരളത്തിൽ വളരെ വ്യാപകമാണ്. ഈയിടെ ഇറങ്ങിയ ഹേറാം, സനേഹപൂർവം അന്ന, ക്രൈം ഫയൽ, അരയന്നങ്ങളുടെ വീട്, ഇംഗ്ലീഷ് മീഡിയം, പല്ലാവൂർ ദേവനാരായണൻ, നിറം, അടുത്തകാലത്ത് ഇറങ്ങിയ സൂപ്പർ ഹിറ്റ് നരസിംഹം തുടങ്ങിയ ചിത്രങ്ങൾ ഉൾപ്പെടെ വ്യാജ കാസറ്റുകൾ കേരളത്തിൽ വളരെ വ്യാപകമായിരിക്കുന്നു. ഇത് പിടിക്കാൻ നിയമമുണ്ട്. പക്ഷെ പലപ്പോഴും പോലീസ് ഇക്കാര്യത്തിൽ ഫർദർ ആക്ഷൻ എടുക്കുന്നില്ല. അതുകൊണ്ട് കോടികൾ മുടക്കി എടുക്കുന്ന പടങ്ങൾക്ക് നഷ്ടം ഉണ്ടാകുന്നു. മാത്രമല്ല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കിട്ടേണ്ട ടാക്സ് കിട്ടുന്നില്ല. അതുകൊണ്ട് അടിയന്തിരമായി ഗവൺമെന്റ് വ്യാജ കാസറ്റ് നിർമ്മാണം നടത്തുന്നവരെ പിടികൂടുകയും അവരെ ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം. ഇങ്ങനെ പോയാൽ സിനിമാ വ്യവസായം ഉണ്ടാവുകയില്ല. മലയാളത്തിലെ ബന്ധപ്പെട്ട പല പ്രൊഡ്യൂസർമാരും അതുപോലെ സൂപ്പർ നടന്മാരുമൊക്കെ പല സന്ദർഭങ്ങളിലായി ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിക്കും ഫിലിം ചേമ്പറിനുമൊക്കെ നിവേദനം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തിരമായി നടപടിയെടുക്കാൻ പോലീസ് നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറിസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ, വ്യാജ വീഡിയോ കാസറ്റുകളുടെ നിർമ്മാണം പെരുകുന്നതായി വിവിധ കേന്ദ്രങ്ങളിൽനിന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വ്യാജ വീഡിയോ കാസറ്റുമായി ബന്ധപ്പെട്ട് ചില സംഭവങ്ങൾ ഉണ്ടായിട്ടുള്ളതിനെ സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽനിന്നും നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. വ്യാജ വീഡിയോ കാസറ്റുകൾ പിടിച്ചെടുത്ത് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനായി ആഭ്യന്തര വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലും സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലകളിലെ പ്രസ്തുത സെല്ലിന്റെ പ്രവർത്തനം ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി. യുടെ കീഴിലാണ്. ഈ സെല്ലിലെ ഉദ്യോഗസ്ഥർ റെയ്ഡുകൾ നടത്തുകയും വ്യാജ സിനിമാ കാസറ്റുകൾ പിടിച്ചെടുത്ത് അനന്തര നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യും. ഇക്കാര്യത്തെ സംബന്ധിച്ച് പോലീസ് ഡയറക്ടർ ജനറലിന്റെ 14-3-2000-ലെ സർക്കുലർ നം.- 2/2000 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ വീഡിയോ കാസറ്റുകൾ പ്രചരിക്കുന്നതിനെക്കുറിച്ച് സിനിമാ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഉത്കണ്ഠയും ഭീതിയും ഉണ്ടെന്നുള്ള ബഹുമാനപ്പെട്ട എം.എൽ.എ. യുടെ അഭിപ്രായത്തോട് എനിക്ക് അത്യന്തം അനുഭാവമുണ്ട്. സിനിമാ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്ന തെറ്റായ പ്രവണതയ്ക്കെതിരെ ഗവൺമെന്റ് ശക്തമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(7) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അഡ്മിനിസ്ട്രേറ്റീവ് സർക്കിൾ ഓഫീസ് കേരളത്തിൽ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ആന്റണി രാജു : സർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലോക്കൽ ഹെഡ് ഓഫീസ് (അഡ്മിനിസ്ട്രേറ്റീവ് സർക്കിൾ ഓഫീസ്) കേരളത്തിൽ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഇപ്പോൾ കേരളം, തമിഴ്നാട്, പോണ്ടിച്ചേരി ഉൾപ്പെടുന്ന ചെന്നൈ സർക്കിളിന്റെ കീഴിലാണ് കേരളം. കേരളവും രാജസ്ഥാനും ഒഴികെ ഇന്ത്യയിലെ എല്ലാ സംസ്ഥാന തലസ്ഥാനങ്ങളിലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലോക്കൽ ഹെഡ് ഓഫീസ് ഉണ്ട്. കേരളത്തിൽ എസ്.ബി.ഐ. യുടെ 226 ബ്രാഞ്ചുകളും ഏഴ് ഫുൾ ഫ്ളെഡ്ജ്ഡ് എക്സറ്റെൻഷൻ കൗണ്ടറുകളും ഉണ്ടായിട്ടും കേരളത്തിൽ മാത്രം ലോക്കൽ ഹെഡ് ആഫീസ് ഇല്ല. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 167 ബ്രാഞ്ചുകളുള്ള കർണ്ണാടകത്തിന് ബാംഗ്ലൂരിൽ ലോക്കൽ ഹെഡ് ആഫീസ് ഉണ്ട്. 85 ബ്രാഞ്ചുകൾ മാത്രമുള്ള ഓറീസയിൽ ഭുവനേശ്വറിൽ ലോക്കൽ ഹെഡ് ഓഫീസ് ഉണ്ട്. 64 ബ്രാഞ്ചുകളുള്ള അഹമ്മദാബാദിൽ ലോക്കൽ ഹെഡ് ഓഫീസ് ഉണ്ട്. 100 ബ്രാഞ്ചുകളുള്ള നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റുകളെ സംയോജിപ്പിച്ചുകൊണ്ട് നോർത്ത്

LIBRARY ARCHIVES Kerala Legislative Assembly